LIBRARY ARCHIVES Kerala Legislative Assembly

ഭൂനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക

127(4758) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2012-13, 2013-14 വർഷങ്ങളിൽ ഭൂനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ?

ഉത്തരം

സംസ്ഥാനത്ത് ഭൂനികുതി (ലാന്റ് ടാക്സ്) ഇനത്തിൽ 2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന തുകയുടെ 32.27 ശതമാനവും 2013-14 സാമ്പത്തിക വർഷം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന തുകയുടെ 33.68 ശതമാനവും പിരിച്ചെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത വർഷങ്ങളിലെ ഭൂനികുതി പിരിവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കാൻ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യം വച്ചിരുന്ന തുക (തുക ലക്ഷത്തിൽ)	പ്രസ്തുത സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്ത തുക (തുക ലക്ഷത്തിൽ)	പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടതിൽ പിരിച്ചെടുത്ത തുകയുടെ ശതമാനം	പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടതിൽ പിരിച്ചെടുക്കാൻ കഴിയാത്ത തുകയുടെ ശതമാനം
2012-13	6499.75	4402.31	67.73%	32.27%
2013-14	7499.75	4973.88	66.32	33.68%

ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ഭൂനികുതി വരുമാനം 2012-13 സാമ്പത്തിക വർഷത്തിൽ 65 കോടിയായിരുന്നുവെങ്കിലും പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലാന്റ് ടാക്സ് ഇനത്തിൽ ആകെ ഉണ്ടായിട്ടുള്ള ഡിമാന്റ് 43.29 കോടി രൂപയാണ്. പ്രസ്തുത ഡിമാന്റിൽ നൂറ് ശതമാനവും (104.15%) 2012-13

സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളതാണ്. 2013-14 സാമ്പത്തിക വർഷത്തിൽ ഭൂനികുതി ഇനത്തിൽ ഉണ്ടായിട്ടുള്ള ആകെ ഡിമാന്റ് 47.38 കോടിരൂപയായിരുന്നു. പ്രസ്തുത ഡിമാന്റിലെ 100 ശതമാനം തുക 2013-14 സാമ്പത്തിക വർഷം പിരിച്ചെടുത്തിട്ടുള്ളതാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ താരതമ്യേന കൂടുതൽ തുക പിരിവ് ലക്ഷ്യമാക്കി നിശ്ചയിച്ച് വരുന്നതും ആയതനുസരിച്ചുള്ള ഡിമാന്റ് പ്രസ്തുത സാമ്പത്തിക വർഷത്തിൽ വരാത്തതുമായ സാഹചര്യത്തിലാണ് ടി പട്ടിക പ്രകാരമുള്ള പിരിവിലെ കുറവ് വന്നിട്ടുള്ളത്.

വളപട്ടണം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി നടപടി

128(4759) ശ്രീ. കെ. എം .ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ കളക്ടറുടെ അധീനതയിലുള്ള കണ്ണൂർ ജില്ലയിലെ വളപട്ടണം വില്ലേജിൽ റീ.സ.33/1-ൽപ്പെട്ട 1.51 ഏക്കർ സ്ഥലം വളപട്ടണം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറൽ വ്യവസ്ഥ പ്രകാരം വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 17-7-2014-ന് 277/കെ. എം./14 നമ്പറായി ബഹു. റവന്യൂ വകുപ്പുമന്ത്രി, കോഴിക്കോട് ജില്ലാകളക്ടർ, കണ്ണൂർ ജില്ല കളക്ടർ എന്നിവർക്ക് എം.എൽ.എ. നൽകിയ കത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി സംബന്ധിച്ച് രേഖകളൊന്നും വളപട്ടണം വില്ലേജിൽ ലഭ്യമല്ലെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ പ്രസ്തുത ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഭൂമി കൈമാറി ഗ്രൂപാർശ തയ്യാറാക്കുന്നതിനായി പ്രസ്തുത രേഖകൾ വളപട്ടണം വില്ലേജ് ഓഫീസർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കാലതാമസം ഒഴിവാക്കി പ്രസ്തുത ഭൂമി വളപട്ടണം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത ഭൂമി കൈമാറി നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly